കിൽ ഒന്നരക്കോടി രൂപ കിട്ടുകയാണെങ്കിൽ തൃശ്ശൂരിലെ ഈ പ്രോബ്ലം പരിഹരിക്കാൻ കഴിയും.....(ബഹളം).....സർ, ഇതിനെ സംബന്ധിച്ചിടത്തോളം....ഞാനിപ്പറഞ്ഞതുകൊണ്ട് പ്രതിപക്ഷം രൂപ തരണമെന്നല്ല അർത്ഥം. ബഡ്ജറ്റിനെ സംബന്ധിച്ചിടത്തോളം ഇക്കൊല്ലത്തെ ബഡ്ജറ്റിംഗിനെ സംബന്ധിച്ചിടത്തോളം വാട്ടർ അതോറിറ്റിയ്ക്ക് വളരെയധികം ബുദ്ധിമുട്ടുകളുണ്ട്. ഒന്നര കോടി രൂപ അടുത്ത ബഡ്ജറ്റിൽ നമുക്ക് വാട്ടർ അതോറിറ്റിയെ സംബന്ധിച്ചിടത്തോളം കൂടുതൽ അവയ്ലബിളാക്കാം. ഏതായാലും ശുദ്ധീകരണശാലയുടെയും പമ്പിംഗ് മെയിനിന്റെയും പണിയൊഴിച്ച് ബാക്കിയെല്ലാം തീർത്തു. പീച്ചി-തൃശ്ശൂർ പമ്പിംഗ് മെയിൻ ലൈനിന്റെ പണി ഒരു കിലോമീറ്ററോളം ബാക്കി അവശേഷിക്കുന്നുണ്ട്. അത് എത്രയുംവേഗം വിവേ പരിമിതിക്കുള്ളിൽ ഒതുങ്ങിനിന്നുകൊണ്ട് കൂടുതൽ ശ്രദ്ധയോടുകൂടി കൂടുതൽ പരിഗണന കൊടുത്ത് കൂടുതൽ തുക ഇതിനുവേണ്ടി വാട്ടർ അതോറിറ്റി അടുത്ത കൊല്ലം പ്രൊവൈഡ് ചെയ്യാൻ വേണ്ടി ശ്രമിക്കുന്നതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഇത്, കഴിഞ്ഞദിവസം അങ്ങയുടെയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തിയ ഒരു ചർച്ചയുടെ വിഷയമാണ്. എങ്ങനെയെങ്കിലും ഒരു 50 ലക്ഷമെങ്കിലും കൊടുത്തില്ലെങ്കിൽ....അല്ല ചെയറിന്റെ നിയോജകമണ്ഡലത്തിന്റെ പ്രശ്നംകൂടിയാണ്. ചെയറിന്റെ നിയോജകമണ്ഡലത്തിന്റെ കാര്യം പറയുകയാണ്.

ശ്രീ. കെ. എം. മാണി: സർ, ഞാൻ അങ്ങയുടെയും സഭയുടെയും എല്ലാ സഹായവും അഭ്യർത്ഥിക്കുകയാണ്. എത്ര രൂപ കിട്ടിയാലും ജല അതോറിറ്റിയെ സംബന്ധിച്ച് തികയുകയില്ല. നമുക്ക് കൂടുതൽ തുക ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം നേടിയെടുക്കുവാൻ വേണ്ടിയുള്ള ശ്രമത്തിൽ ഞാനേർപ്പെട്ടിരിക്കുകയാണ്.

(14) കടുത്തുരുത്തി വിദ്യാഭ്യാസ ജില്ലാ രൂപീകരണം

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി): സർ, ഭൂവിസ്തൃതിയിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിലും വിദ്യാർത്ഥികളുടെ എണ്ണത്തിലും പാലാ വിദ്യാഭ്യാസ ജില്ല പോലെ ഇത്രയധികം വലിപ്പമുള്ള വിദ്യാഭ്യാസ ജില്ല നമ്മുടെ സംസ്ഥാനത്ത് വേറെയുണ്ടെന്നെ എനിക്ക് തോന്നുന്നില്ല. ഇത് വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും രക്ഷാകർത്താക്കൾക്കും സ്കൂൾ അധികൃതർക്കും വളരെയധികം കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നുണ്ട് എന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഇതിനുമുൻപും ഞാൻ പെടുത്തിയിട്ടുള്ളതാണ്. അതുപോലെതന്നെ വിദ്യാഭ്യാസരംഗത്ത് കാര്യക്ഷമമായ ഭരണം നിർവ്വഹിക്കുന്നതിനും ഇത് തടസ്സമാണ്. അതുകൊണ്ട് ഈ പാലാ വിദ്യാഭ്യാസജില്ല വിഭജിച്ച് കടുത്തുരുത്തി ആസ്ഥാനമാക്കി പുതിയൊരു വിദ്യാഭ്യാസ ജില്ല ആരംഭിക്കണമെന്ന് എം. എൽ. എ. ആയതിനുശേഷം ഒരദ്ധ്യാപകൻ കൂടിയായ ഞാൻ ആദ്യമായി നടത്തിയ നിവേദനമാണിത്. അത് ഇതുവരെ നടപ്പിലായിട്ടില്ലെന്നു പറയുന്നതിൽ എനിക്ക് അതിയായ സങ്കടമുണ്ട്. ഈ അവസാന നിമിഷത്തിലെങ്കിലും അനുവദിച്ച് അത് നടപ്പിലാക്കണം. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇക്കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ലെന്നുള്ള കാര്യം എന്നോട് പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഈ പാലാവിദ്യാഭ്യാസജില്ല ഏറ്റവും വലിയ വിദ്യാഭ്യാസ ജില്ലയാണെണുള്ളത് ശരിയല്ല. ആ ജില്ലയിൽ 87 സ്കൂളുകളാണുള്ളത്. അതിനേക്കാൾ കൂടുതൽ സ്കൂളുകളുള്ള കാസർകോട്, കൊട്ടാരക്കര, ആലുവ, ആലപ്പുഴ എന്നീ വിദ്യാഭ്യാസ ജില്ലകളിൽ 100-ഉം അതിൽ കൂടുതലുമുണ്ട്. ഈ പാലാവിദ്യാഭ്യാസജില്ല വിഭജിച്ച് കടുത്തുരുത്തി ആസ്ഥാനമാക്കി പുതിയൊരു വിദ്യാഭ്യാസ ജില്ല രൂപീകരിക്കണമെന്നുള്ള ഒരു പ്രൊപ്പോസലുണ്ട്. അതിനെക്കുറിച്ച് വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റ് അനുകൂലമായിട്ടുള്ള ഒരു സമീപനമാണ് എടുത്തിട്ടുള്ളത്. പക്ഷേ പണത്തിന്റെ ലഭ്യതക്കുറവാണ് ഇത് ആരംഭിക്കുന്നതിനുള്ള തടസ്സമായിട്ട് നിൽക്കുന്നത്. സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനനുസൃതമായി ഈ ജില്ല കൂടി വിഭജിക്കുന്നതാണ്.

(15) കണ്ണൂർ നഗരത്തിലെ ശുദ്ധജലക്ഷാമം

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഈ നിയമസഭയിൽ കണ്ണൂർ എം. എൽ. എ. ശ്രീ. ഭാസ്കരനും, തലശ്ശേരി എം. എൽ. എ. ശ്രീ. കോടിയേരി ബാലകൃഷ്ണനും പിന്നീടൊരിക്കൽ ഞാനും പലവട്ടം ഉന്നയിച്ച ഒരു പ്രശ്നമാണ് നിർഭാഗ്യവശാൽ വീണ്ടും ഉന്നയിക്കേണ്ടിവന്നിട്ടുള്ളത്. കണ്ണൂരിലെ ശുദ്ധജലവിതരണപദ്ധതി വർഷങ്ങൾക്കുമുമ്പ് ആരംഭിച്ചതാണ്. പക്ഷേ അതിനു ശേഷം സമീപ പഞ്ചായത്തുകളിലും തലശ്ശേരി മുനിസിപ്പാലിറ്റിയിലും അതിന് വെള്ളം കൊടുക്കേണ്ടിവന്നു. ഏറ്റവും ഒടുവിലത്തെ അവസ്ഥ കഴിഞ്ഞ ഒരാഴ്ചയായി കണ്ണൂർ നഗരത്തിൽ വെള്ളമില്ല. ഒരു മാസമായി പരിസരപ്രദേശങ്ങളിൽ വെള്ളമില്ല. തലശ്ശേരി മുനിസിപ്പാലിറ്റിയിലെയും സ്ഥിതി മറിച്ചല്ല. ഞാൻ ചുരുക്കിപ്പറയുകയാണ്. ഇതിനുവേണ്ടി 1934-ൽ ഈ പ്രശ്നം രൂക്ഷമായപ്പോൾ അന്ന് ചില പ്രത്യേക അടിയന്തിര പരിപാടികൾ ആവിഷ്കരിച്ചാൽ ഉള്ള വെള്ളമെങ്കിലും ഒരു സമയക്രമപ്പട്ടിക വച്ച് ജനങ്ങൾക്ക് വിതരണം ചെയ്യാൻ കഴിയുമെന്നുള്ള ഒരു നിഗമനത്തിലെത്തിച്ചേരുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു ഇടക്കാല പദ്ധതി സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തു. അത് 173 ലക്ഷം രൂപയുടേതാണ്. ചെറിയ സംഖ്യയാണത് എന്നൊന്നും ഞാൻ പറയുകയില്ല. പക്ഷേ അതിന്റെ പ്രവർത്തനം ഭാഗികമായെങ്കിലും പടിപടിയായി ചെയ്തുതീർക്കുന്നതിനുവേണ്ടിയുള്ള കാര്യക്ഷമമായ ഒരു സമീപനം എന്തുകൊണ്ടോ വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഇപ്പോഴും ആ പ്രദേശത്തെ പൈപ്പ്...,....ഏറ്റവും ചുരുങ്ങിയത് ഉള്ള വെള്ളമെങ്കിലും കൃത്യസമയത്ത് എത്തിക്കുന്നതിനുവേണ്ടി നിലവിലുള്ള പൈപ്പു മാറ്റുന്നതിനുള്ള നിർദ്ദേശംപോലും പരിഗണിയ്ക്കാനോ അതിനാവശ്യമായ ഫണ്ട് കൊടുക്കുന്നതിനോ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ കണ്ണൂരിലെ ഈ ശുദ്ധജലവിതരണ പ്രശ്നത്തിന് എങ്ങനെയൊരു പരിഹാരമുണ്ടാക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ഒരു ഉന്നതതലചർച്ച നടത്തുകയും ആവശ്യമായത്ര ഫണ്ട് കൊടുത്തുകൊണ്ട് ഈ പരിപാടി ത്വരിതപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിക്കുകയും വേണം.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നൂറിൽ ഏഴുപത്തെട്ടു

LIBRARY ARCHIVES Kerala Legislative Assembly